(ബി) അഞ്ചാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തിയ വൻകിട ജലസേചന പദ്ധതികളുടെ പ്രവർത്തനം എന്നു മുതൽക്ക് ആരംഭിക്കും ;

(സി) മുൻഗണനാ ലിസ്റ്റിൽപ്പെടുത്തുന്നതിന്റെ മാനദണ്ഡമെന്താണ് ?

വനവും ജലസേചനവും മന്ത്രി (ഡോക്ടർ കെ. ജി. അടിയോടി):

(എ) നാലാം പദ്ധതിക്കാലത്ത് പൂർത്തിയാകാതിരുന്ന പമ്പ, കല്ലട, പെരിയാർവാലി, ചിറ്റൂർപുഴ, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, പഴശ്ശി എന്നീ ഏഴു പദ്ധതികൾക്കു പുറമേ മൂവാറ്റുപുഴ, ചിമ്മിനി, അട്ടപ്പാടി, കാരാപ്പുഴ, ഇടമലയാർ, വാമനപുരം, കക്കടവ്, കരിയാർകുറ്റി—കരപ്പാറ എന്നീ എട്ടു വൻകിട—ഇടത്തരം പദ്ധതികൾ അഞ്ചാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പുതിയതായി ഉൾപ്പെടുത്തിയ എട്ടു പദ്ധതികളിൽ മൂവാറ്റുപുഴ, ചിമ്മിനി എന്നീ വൻകിട പദ്ധതികളുടെയും കാരാപ്പുഴ, അട്ടപ്പാടി എന്നീ ഇടത്തരം പദ്ധതികളുടേയും പണി ആരംഭിച്ചുകഴിഞ്ഞു. അവശേഷിക്കുന്ന ഇടമലയാർ, വാമനപുരം, കക്കടവ്, കരിയാർകുറ്റി എന്നീ വൻകിട പദ്ധതികളുടെ പണി എന്ന് ആരംഭിക്കുമെന്ന് കൃത്യമായി ഇപ്പോൾ പറയാൻ നിവർത്തിയില്ല.

(സി) എളുപ്പം പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് അവയ്ക്കു വേണ്ടി ലഭ്യമാക്കാവുന്ന പണത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന കൊടുക്കുകയെന്നതാണ് പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചിരിക്കുന്ന നയം.

(iii) Unstarred Questions and Answers

പമ്പാ ജലസേചന പദ്ധതി

223 [274] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന—ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ ജലസേചന പദ്ധതിയനുസരിച്ച് എന്തെല്ലാം പണികൾ ഇതിനകം പൂർത്തിയായിട്ടുണ്ട് ;

(ബി) ഈ പണികൾക്കെല്ലാംകൂടി ഇതിനകം എന്തു തുക ചെലവായിട്ടുണ്ട് ;

(സി) ഈ ജലസേചന പദ്ധതികളുടെ പണികൾ എന്നത്തേയ്ക്ക് പൂർത്തിയാകും ?

ഉത്തരം

(എ) മണിയാറിലെ ഖാരേജ്, മെയിൻ കനാൽ, വലതുകര കനാൽ, വലതുകര കനാലിലെ ഒമ്പതു ബ്രാഞ്ചു കനാലുകൾ, ഇടതുകര കനാലിലെ രണ്ടു ബ്രാഞ്ചു കനാലുകൾ എന്നിവയുടെ പണി ഇതിനകം പൂർത്തിയായിട്ടുണ്ട്.

(ബി) 1976 ഒക്ടോബർ അവസാനം വരെ 1284·80 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) പദ്ധതി അനുസരിച്ച് ശേഷിച്ച പണികൾ എല്ലാം അഞ്ചാം പദ്ധതിക്കാലത്തുതന്നെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly